**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിൽ എഡ്യൂക്കേഷൻ ഹബ് സ്ഥാപിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനായി, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കൈവശമുള്ള 12.93 ഏക്കർ ഭൂമി വിട്ടൊഴിയുന്നതിനുള്ള (Relinquishment) അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (ജി) വകുപ്പ്**

സ.ഉ.(കൈ) നം.72/2022/ID    തീയതി,തിരുവനന്തപുരം, 21-07-2022

---

പരാമർശം:-

1) 01-10-2020-ാം തീയതിയിലെ സ.ഉ.(സാധാ) നം. 828/2020/വ്യവ. നമ്പർ സർക്കാർ ഉത്തരവ്.

2) 19-04-2022-ാം തീയതി ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ്

3) കിൻഫ്ര മാനേജിംഗ് ഡയറക്ടറുടെ 27-06-2022-ാം തീയതിയിലെ KIN/VII-86/2022-23/4689 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ധർമ്മടം മണ്ഡലത്തിലെ പിണറായി വില്ലേജിലെ 2/1, 4/1, 4/2 സർവ്വേ നമ്പറിലുള്ള കിൻഫ്ര മുഖാന്തിരം ഏറ്റെടുക്കുന്ന, 5.3298 ഹെക്ടർ (13 ഏക്കർ 16 സെന്റ്) സ്ഥലത്ത് ബയോഡൈവേഴ്സിറ്റി പാർക്ക്, സിവിൽ സർവീസ് റസിഡൻഷ്യൽ കോംപ്ലെക്സ്, ടൂറിസം വകുപ്പിന് കീഴിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഹോട്ടൽ മാനേജ്മെന്റ് കോളേജ്, പിണറായി ഗവ.ഐ.ടി.ഐ, ഐ.എച്ച് ആർ.ഡി കോളേജ്, ഗവണ്മെന്റിന്റെ പരിഗണയിലുള്ള പോളിടെക്നിക് എന്നിവ സ്ഥാപിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) മേൽ വിവരിച്ച സ്ഥലത്തെ, കിൻഫ്രയുടെ കൈവശമുള്ള 12.93 ഏക്കർ ഭൂമി, എഡ്യൂക്കേഷൻ ഹബ് തുടങ്ങുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-04-2022 ന് ചേർന്ന യോഗ തീരുമാനപ്രകാരം പ്രസ്തുത ഭൂമി വിട്ടൊഴിയുന്നതിനുള്ള (Relinquishment) തുടർനടപടികൾ സ്വീകരിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

3) പ്രസ്തുത ഭൂമി വിട്ടൊഴിയുന്നതിനുള്ള (Relinquishment) അപേക്ഷ സമർപ്പിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അനുമതി ആവശ്യമാണെന്നും സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഏറ്റെടുത്ത ഭൂമി വിട്ടൊഴിയുന്നതിനുള്ള അപേക്ഷ തലശ്ശേരി ആർ.ഡി.ഒ. മുമ്പാകെ കിൻഫ്ര സമർപ്പിക്കുന്നതാണെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ പരാമർശം (3) ലെ കത്ത് മുഖാന്തരം അറിയിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പിണറായി വില്ലേജിൽ എഡ്യൂക്കേഷൻ ഹബ് സ്ഥാപിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനായി, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കൈവശമുള്ള 12.93 ഏക്കർ ഭൂമി വിട്ടൊഴിയുന്നതിനുള്ള (Relinquishment) അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5) കിൻഫ്ര മാനേജിംഗ് ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും ഇത് സംബന്ധിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ്കുമാർ കെ കെ**

**ഡെപ്യൂട്ടിസെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

റവന്യൂ ഡിവിഷണൽ ഓഫീസർ, തലശ്ശേരി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

ഉന്നത വിദ്യാഭ്യാസ വകുപ്പ്

ധനകാര്യ വകുപ്പ്

റവന്യൂ വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Shabna.n
Date: 21-07-2022 12:32:59

സെക്ഷൻ ഓഫീസർ